6 (915) സ്വന്തമായി കൃഷിഭൂമിയുള്ളവർക്ക് നൽകുന്ന സഹായങ്ങൾ

ശ്രീ. പി.ജെ. ജോയി :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്നവരിൽ സ്വന്തമായി കൃഷി ചെയ്ത് ജീവിക്കാനാവശ്യമായ ഭൂമി കൈവശമുള്ള എത്ര ഹൗസ് ഫോർഡുകൾ ഉള്ളതായി കണക്കാക്കപ്പെടുന്നു;

(ബി) ഇവർക്ക് സ്വന്തമായി കൃഷി ചെയ്യുവാൻ എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പട്ടികജാതിക്കാരിൽ 5,21,549 പേർക്കായി മൊത്തം 50,246 ഹെക്ടർ ഭൂമിയുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. എത്ര കുടുംബങ്ങൾക്കാണ് സ്വന്തമായി ഭൂമിയുള്ളതെന്ന വിവരവും പട്ടിക വർഗ്ഗക്കാരുടെ കൃഷിഭൂമി സംബന്ധിച്ച വിവരവും ശേഖരിച്ചു നൽകുന്നതാണ്.

(ബി) സ്വന്തമായി കൃഷി ഭൂമിയുള്ള പട്ടികവർഗ്ഗക്കാർക്ക് വാഴ, കൂരുമുളക്, ഇഞ്ചി, കച്ചോലം, തെങ്ങ്, കമുക് എന്നീ നടീൽ വസ്തുക്കൾ സൗജന്യമായി വിതരണം നടത്തുന്നുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ റബ്ബർ ബോർഡിന്റെ സഹകരണത്തോടെ റബ്ബർ കൃഷി നടത്തുന്നുണ്ട്. കൃഷിക്ക് ആവശ്യമായ പണിയായുധങ്ങൾ, ഉഴവുമാടുകൾ, ട്രാക്ടർ, ട്രില്ലർ എന്നിവ വിതരണം ചെയ്യുന്ന പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലുണ്ട്. പട്ടികജാതിക്കാർക്ക് നൽകിവരുന്ന സഹായങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. ഇതിനു പുറമെ ത്രിതല പഞ്ചായത്തുകൾ മുഖേന ഓരോ പ്രദേശത്തേയും ആവശ്യങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വിവിധ സഹായങ്ങൾ നൽകുന്നുണ്ട്.

7 (916) സൗജന്യ ചികിൽസാ സഹായം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിർദ്ധനരായിട്ടുള്ള രോഗികൾക്കുള്ള സൗജന്യ ചികിൽസാ സഹായപദ്ധതിപ്രകാരം 1999-2000 വർഷത്തേക്കു നീക്കി വച്ചിട്ടുള്ള തുക എത്ര;

(ബി) അതിൽ ഇതുവരെ എന്തുതുക ചെലവഴിച്ചു?

ഉത്തരം

(എ) പിന്നോക്ക പട്ടിക വിഭാഗക്ഷേമ മന്ത്രിയുടെ പേരിലുള്ള ദുരിതാശ്വാസനിധിയിൽ നിന്നാണ് ഇപ്പോൾ ചികിൽസയ്ക്കായി സഹായം നൽകുന്നത്. ഈ വർഷം ഇതിനായി 45 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇതു കൂടാതെ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കായി സിക്കിൾസെൽ, അനീമിയ തുടങ്ങിയ രോഗങ്ങളുടെ ചികിൽസക്കായി 10 ലക്ഷം രൂപയും ഗ്രാമപഞ്ചാ

LIBRARY ARCHIVES Kerala Legislative Assembly